


**ജനങ്ങൾ ഒന്നടങ്കം സമരത്തിൽ അണിനിരക്കുന്നത് കണ്ടിട്ടാണ് ആദ്യം അകന്നുനിന്ന രാഷ്ട്രീയപാർട്ടികൾ ഇപ്പോൾ സമരവേദിയിലേക്കെത്തിയത്. സമരം പിടിച്ചടക്കാനാണ് അവർ ശ്രമിക്കുന്നത്. ജനങ്ങളുടെ ആവശ്യം ടോൾ കുറയ്ക്കലാണ് എന്ന് സ്ഥലം എം.എൽ.എ അവിടെ വച്ച് പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ ജനങ്ങളുടെ ആവശ്യം അതല്ലെന്ന്**

**പി.ജെ. മോൻസി**

# ചുങ്കം പിരിക്കാൻ അനുവദിക്കില്ല

**ടോൾപിരിക്കാം നിരക്ക് കുറച്ചാൽ മതി എന്നൊരു സമീപനവും ടോൾ പിരിവ് തന്നെ വേണ്ടെന്നൊരു സമീപനവും പാലിയേക്കരയിലെ ബി.ഒ.ടി ടോൾ വിരുദ്ധ സമരത്തിൽ നിന്നും ഉയർന്നുവരുന്നുണ്ട്. ജനകീയസമര സമിതി എന്ത് മുദ്രാവാക്യമാണ് മുന്നോട്ട് വയ്ക്കുന്നത്?**

നോ ടോൾ, നോ ബിഒടി എന്ന മുദ്രാവാക്യം മുന്നോട്ട് വച്ച് സമരം ചെയ്യുന്ന ജനകീയ സംഘടനകൾ ടോൾ ഉപേക്ഷിക്കുന്നതുവരെ സമരവുമായി മുന്നോട്ട് പോകും. ടോൾ നിരക്ക് കുറയ്ക്കുക എന്നതല്ല പ്രശ്നം, പൊതുനിരത്തുകൾ കുത്തകകൾക്ക് തീറെഴുതിക്കൊടുക്കാൻ അനുവദിക്കില്ല എന്നതാണ്. ആ നയം ഇവിടെ നടപ്പിലാക്കാൻ ഞങ്ങൾ അനുവദിക്കില്ല. മറ്റ് തീരുമാനങ്ങളൊന്നും ഞങ്ങൾ അംഗീകരിക്കില്ല. സമരവുമായി മുന്നോട്ട് പോകും. ഞങ്ങളുടെ നിലപാട് ഇതാണെന്ന് അറിയാമായിരുന്നതുകൊണ്ടാണ് മുഖ്യമന്ത്രി ഡിസംബർ 10ന് എറണാകുളം ഗസ്റ്റ് ഹൗസിൽ നടത്തിയ ചർച്ചയിൽ നിന്നും ആദ്യം ഞങ്ങളെ ഒഴിവാക്കിയത്. ടോളിനെ അനുകൂലിക്കുന്ന സംവിധാനങ്ങളെ മാത്രം ക്ഷണിച്ച് പ്രഹസനമായി ചർച്ച നടത്താനായിരുന്നു അവരുടെ ഉദ്ദേശം. പ്രതിഷേധത്തെത്തുടർന്നാണ് ഞങ്ങളെയും വിളിക്കാൻ തയ്യാറായത്.

**ഇപ്പോൾ സി. പി. എം ഉൾപ്പെടയുള്ള രാഷ്ട്രീയകക്ഷികളെല്ലാം പാലിയേക്കര സമരത്തിൽ പങ്കെടുക്കുന്നുണ്ടല്ലോ. അവർ ടോൾ പിരിവ് കുറച്ചാൽ മതിയെന്നും റോഡിന്റെ പണിപൂർത്തിയാക്കിയ ശേഷം ടോൾ പിരിക്കാമെന്നും പറയുമ്പോൾ അത് സമരത്തെ ബാധിക്കില്ലേ? അതിനെ എങ്ങനെ മറികടക്കാം?**

ജനങ്ങൾ ഒന്നടങ്കം സമരത്തിൽ അണിനിരക്കുന്നത് കണ്ടിട്ടാണ് ആദ്യം അകന്നുനിന്ന രാഷ്ട്രീയപാർട്ടികൾ ഇപ്പോൾ സമരവേദിയിലേക്കെത്തിയത്. സമരം പിടിച്ചടക്കാനാണ് അവർ ശ്രമിക്കുന്നത്. ജനങ്ങളുടെ ആവശ്യം ടോൾ കുറയ്ക്കലാണ് എന്ന് സ്ഥലം എം.എൽ.എ അവിടെ വച്ച് പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ ജനങ്ങളുടെ ആവശ്യം അതല്ല. ടോൾ വേണ്ടെന്ന് പറഞ്ഞ് നടന്ന പ്രകടനങ്ങളിലെല്ലാം ആയിരത്തിലധികം ആളുകളാണ് പാലിയേക്കരയിൽ പങ്കെടുത്തത്. ആ സമരത്തെ അട്ടിമറിക്കാനാണ് രാഷ്ട്രീയപാർട്ടികൾ ശ്രമിക്കുന്നത്. സ്വകാര്യവത്കരണത്തിനെതിരെ വർത്തമാനം പറയുകയും സ്വകാര്യകുത്തകകൾക്ക് യഥേഷ്ടം പ്രവർത്തിക്കാനുള്ള വഴിയൊരുക്കുകയുമാണ് ഇടതുസംഘടനകൾ. ടോൾ വിരുദ്ധ സമിതി എന്നത് 25ഓളം സംഘടനകളുടെ സംയുക്തസമര സമിതിയാക്കി വിപുലീകരിച്ച് രാഷ്ട്രീയപാർട്ടികളുടെ ഈ കുതന്ത്രങ്ങളെ നേരിടാനുള്ള ശ്രമം ഞങ്ങൾ തുടങ്ങിയിട്ടുണ്ട്. കപടമുദ്രാവാക്യങ്ങൾ ഞങ്ങൾ ജനങ്ങളുടെ മുന്നിൽ തുറന്നുകാട്ടും. അവർ വിലയിരുത്തട്ടെ.

**ബി.ഒ.ടി കമ്പനി, കരാർ പ്രകാരം റോഡ് നിർമ്മിച്ചുകഴിഞ്ഞതിനാൽ ടോൾ ഒഴിവാക്കാൻ ഇനി എന്താണ് വഴി? സമരസമിതി എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ?**

റോഡ് സർക്കാർ ഏറ്റെടുക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. സർക്കാറിന് അവർക്ക് പണം കണ്ടെത്തിക്കൊടുക്കാനുള്ള വിവിധ മാർഗ്ഗങ്ങളുണ്ട്. വാഹനഉടമകളിൽ നിന്നും ഒരു വർഷത്തെ വണ്ടിടാക്സ് മുൻകൂട്ടി വാങ്ങിച്ചാൽ



**കേവലം നെന്മണിക്കര പഞ്ചായത്തിലുള്ളവരുടെ പ്രശ്നമായി ഞങ്ങൾ ഇതിനെ കാണുന്നില്ല. ആ രീതിയിൽ കണ്ട് തദ്ദേശവാസികളെ ടോളിൽ നിന്നും ഒഴിവാക്കാനുള്ള ശ്രമവും രാഷ്ട്രീയ കക്ഷികൾ നടത്തുന്നുണ്ട്. പൊതുസമൂഹത്തെ ഒന്നടങ്കം ബാധിക്കുന്ന പ്രശ്നമായാണ് ഞങ്ങൾ ഇതിനെ കാണുന്നത്. കാരണം ടോൾപ്ലാസ വഴി കടന്നുപോകുന്ന വാഹനഉടമകളെ മാത്രമല്ല ടോൾ ബാധിക്കുന്നത്. ചരക്കുവണ്ടികൾക്കും ടോൾ കൊടുക്കേണ്ടിവരും. അവർ അതെവിടെ നിന്നും ഈടാക്കും? തീർച്ചയായും കേരളത്തിലെ ജനങ്ങളിൽ നിന്നാണ് ആ പണം ഈടാക്കാൻ പോകുന്നത്.**

ബി.ഒ.ടി കമ്പനിയുടെ നിർമ്മാണ ചിലവ് അവർക്ക് തിരികെക്കൊടുക്കാൻ സർക്കാറിന് കഴിയും. സർക്കാറിന്റെ കൈയിൽ കൊടുക്കാൻ കാശില്ല എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയാണെങ്കിൽ സർക്കാർ നേരിട്ട് ടോൾ പിരിക്കട്ടെ. കൊള്ളലാഭമുണ്ടാക്കാൻ കുത്തകകളെ അനുവദിക്കേണ്ടല്ലോ. ടോൾ പിരിക്കണമെന്ന് പറയുകയല്ല, മറ്റ് സംവിധാനങ്ങളൊന്നും കണ്ടെത്താൻ സർക്കാറിന് ഒട്ടും കഴിയാതെ പോവുകയാണെങ്കിൽ മാത്രം. അങ്ങനെ വന്നാൽ ഞങ്ങൾ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. പല കാലങ്ങളായി സർക്കാർ പിരിക്കുന്ന റോഡ് ടാക്സുകൾ എവിടെപ്പോയി? അതിന് വ്യക്തമായ മറുപടി പറയാതെ സർക്കാറിനെ നേരിട്ട് ടോൾ പിരിക്കാനും അനുവദിക്കില്ല. പൊതുസ്ഥലത്ത് പൊതുയോഗം നടത്താനുള്ള അനുമതി കോടതി നിഷേധിച്ചപ്പോൾ കോടതിക്കെതിരെ സംസാരിച്ച് ജയിലിൽ പോയവരുള്ള പാർട്ടിയാണ് സി.പി.എം. എന്നാൽ പൊതുനിരത്തുകളെല്ലാം സ്വകാര്യകമ്പനിക്ക് തീറെഴുതികൊടുക്കാൻ അവർക്ക് മടിയില്ല. പൊതുവഴിയില്ലാതായാൽ എവിടെ പോയി പൊതുയോഗം നടത്തും എന്നതിൽ അവർക്ക് ഒരു നിലപാടും പറയാനില്ല. പൊതുഇടങ്ങൾ ഇല്ലാതാക്കുന്ന നയമാണിത്.

ബി.ഒ.ടി കമ്പനി കള്ളക്കണക്ക് കാണിക്കുന്നു എന്നതാണ് മറ്റൊരു പ്രശ്നം. റോഡ് പണിക്ക് വേണ്ടി വരുന്നതിനേക്കാൾ വലിയ തുകയാണ് അവർ നിർമ്മാണ ചിലവായി കാണിച്ചിരിക്കുന്നത്. ടോൾ വഴി പിരിച്ചെടുക്കാവുന്ന തുക കുറച്ചും കാണിച്ചു. ആ കണക്ക് വച്ചിട്ടാണ് ഇപ്പോൾ ടോൾ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഇതിനെല്ലാം കൂട്ട് നിന്നത് നമ്മുടെ ഉദ്യോഗസ്ഥരും. റോഡ് പണിയുന്നതിനായി സർക്കാർ നാല്പത് ശതമാനം ഗ്രാന്റ് കമ്പനിക്ക് കൊടുത്തിട്ടുണ്ട്. ശരിക്കും ആ തുക മാത്രം മതി ഈ റോഡ് പണിയാൻ. ഒരു കിലോമീറ്റർ പണിയാൻ ആറ് കോടി രൂപ ചിലവരുമെങ്കിൽ കമ്പനി പറയുന്നത് 22 കോടി വരുമെന്നാണ്. ഈ കള്ളക്കണക്കുകൾക്ക് കൂട്ടുനിൽക്കുകയാണ് ഇടത്-വലത് വ്യത്യാസമില്ലാതെ കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ.

**ദേശീയപാതിയിലേക്കുള്ള പ്രവേശനനിഷേധവും ചുങ്കവും കാരണം എന്തെല്ലാം പ്രശ്നങ്ങളാണ് പ്രാദേശികമായി നിങ്ങൾക്ക് അനുഭവിക്കേണ്ടി വന്നത്?**

നാട്ടുകർക്ക് പഞ്ചായത്ത് ഓഫീസിലേക്ക് പോകണമെങ്കിലും വില്ലേജ് ഓഫീസിൽ പോകണമെങ്കിലും എന്തിന് ആശുപത്രയിൽ പോകണമെങ്കിൽ പോലും ടോൾ കൊടുക്കേണ്ട അവസ്ഥ വന്നു. ദൈനംദിനം ഞങ്ങൾ ആശ്രയിക്കുന്ന പട്ടണം തൃശൂരാണ്. അവിടേക്ക് പോകണമെങ്കിൽ ടോൾ കൊടുത്തിട്ട് പോകണം.

പക്ഷെ കേവലം നെന്മണിക്കര പഞ്ചായത്തിലുള്ളവരുടെ പ്രശ്നമായി ഞങ്ങൾ ഇതിനെ കാണുന്നില്ല. ആ രീതിയിൽ കണ്ട് തദ്ദേശവാസികളെ ടോളിൽ നിന്നും ഒഴിവാക്കാനുള്ള ശ്രമവും രാഷ്ട്രീയ കക്ഷികൾ നടത്തുന്നുണ്ട്. പൊതുസമൂഹത്തെ ഒന്നടങ്കം ബാധിക്കുന്ന പ്രശ്നമായാണ് ഞങ്ങൾ ഇതിനെ കാണുന്നത്. കാരണം ടോൾപ്ലാസ വഴി കടന്നുപോകുന്ന വാഹനഉടമകളെ മാത്രമല്ല ടോൾ ബാധിക്കുന്നത്. ചരക്കുവണ്ടികൾക്കും ടോൾ കൊടുക്കേണ്ടിവരും. അവർ അതെവിടെ നിന്നും ഈടാക്കും? തീർച്ചയായും കേരളത്തിലെ ജനങ്ങളിൽ നിന്നാണ് ആ പണം ഈടക്കാൻ പോകുന്നത്. അതിനാൽ ഇതൊരു പ്രാദേശിക പ്രശ്നമായി കാണാൻ കഴിയില്ല. പക്ഷെ സി.പി.എമ്മും കോൺഗ്രസുമടങ്ങുന്ന കേരളത്തിലെ ദേശീയ പാർട്ടികൾ ഇതിനെ ഒരു പ്രാദേശിക വിഷമായി അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്.

*(ജനറൽ കൺവീനർ, ടോൾ വിരുദ്ധ സംയുക്ത സമരസമിതി)*